# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കവിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി7-1219/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 21/11/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി7-1219/25 തീയ്യതി: 21/11/2025

# പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രഞ്ജിത്കുമാർ. ജി | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2025 | 15-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2025 | 15-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി വീണ സി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.ഡി. ദിനേശ്കുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. സാം കെ. സലാം | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനീഷ് കുമാർ റ്റി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. അരുൺകുമാർ. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. പാർവ്വതി. സി.എ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ആശ അലക്സ് | വെറ്ററനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. സന്ദീപ് പി. കുമാർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ലക്ഷ്മി. ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 29-07-2024 |
| ഡോ. പാർവ്വതി. ജി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 30-07-2024 | 31-03-2025 |
| ശ്രീമതി രേഖ. എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 07-07-2024 |
| ശ്രീമതി റീന കെ. ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08-07-2024 | 31-03-2025 |
| ശ്രീമതി ലതിക കുമാരി | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി നിഷാദ ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2024 | 29-10-2024 |
| ശ്രീ. അരുൺ എം. പ്രസാദ് (ഇൻ ചാർജ്ജ്) | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 30-10-2024 | 05-11-2024 |
| ശ്രീ. സനു റ്റി. എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 06-11-2024 | 31-03-2025 |
| ശ്രീ. അരുൺ എം. പ്രസാദ് (ഇൻ ചാർജ്ജ്) | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2024 | 31-12-2024 |
| ശ്രീ. സനു റ്റി. എസ് (ഇൻ ചാർജ്ജ്) | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-01-2025 | 31-03-2025 |
| ശ്രീ. അരുൺ കുമാർ. എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി റോഷ്ന കുര്യൻ | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തികളുടെ നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമല്ല | 1-1-5 |
| 7 | ഗുണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-6 |
| 8 | ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | ലൈഫ് ഭവന പദ്ധതി വായ്പ - മുന്നിരിപ്പ് തുക കൃത്യമല്ല | 1-1-8 |
| 10 | മുൻ കാലയളവ് (Prior Period) ഹെഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-9 |
| 11 | ബാങ്ക് നീക്കിയിരിപ്പ് തുക -പാസ് ബുക്ക് ലഭ്യമാക്കിയില്ല | 1-1-10 |
| 12 | Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല | 1-1-11 |
| 13 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | പാർട്ട് ബിൽ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ഹെൽത്ത് ഗ്രാന്റ് - പലിശയിനത്തിലെ വരവ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | ഡൊണേഷൻ റിലേറ്റഡ് ടു പാൻഡമിക് /എപിഡമിക് കൺട്രോൾ നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-16 |
| 18 | എൻ.ആർ.ഇ.ജി.എസ്സ് - മെറ്റീരിയൽസിന്റെ വരവ്-ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-17 |
| 19 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - വരവ് തുകകൾ കൃത്യമല്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക നില | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾ | 1-7 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | പലിശരഹിത അക്കൗണ്ടുകളിൽ 92.13 ലക്ഷം രൂപ - പഞ്ചായത്തിന് വരുമാന നഷ്ടം | 1-11 |
| 30 | വസ്തു നികുതി പരിഷ്ക്കരണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല | 1-12 |
| 31 | വാടക പിരിവ് - അപാകതകൾ | 1-13 |
| 32 | സർക്കാർ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 33 | ലൈസൻസ് ഫീസ് ഈടാക്കിയില്ല | 1-15 |
| 34 | ലൈസൻസ് ഫീസ് പിരിവ് - അപാകങ്ങൾ | 1-16 |
| 35 | യോഗ നടപടികളുടെ മിനിട്സ് തയ്യാറാക്കിയതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 1-17 |
| 36 | പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ഉപയോഗപ്പെടുത്താതെ എസ്.സി.പി. ഫണ്ടിൽ നിന്ന് 100 ശതമാനം സബ്സിഡി അനുവദിച്ചു | 1-18 |
| 37 | അഗതി രഹിതകേരളം ആശ്രയ പദ്ധതി -സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1- 19 |
| 38 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20 |

| | | |
|---|---|---|
| 39 | നിക്ഷേപ പ്രവൃത്തി-ബാലൻസ് തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചില്ല | 1-21 |
| 40 | ലൈഫ് പദ്ധതി-മുൻകൂർ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-22 |
| 41 | അംഗൻവാടി പോഷകാഹാര പദ്ധതിക്കുള്ള കേന്ദ്ര വിഹിതം- പൂർണ്ണമായി ചെലവഴിക്കുന്നില്ല | 1-23 |
| 42 | പൊതുടാപ്പുകളുടെ വെള്ളക്കരം- 44.35 ലക്ഷം രൂപ കുടിശ്ശിക | 1-24 |
| 43 | കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയിട്ടില്ല. | 1-25 |
| 44 | ഫൈൻ ഈടാക്കിയില്ല | 1-26 |
| 45 | കളിസ്ഥലം നവീകരണത്തിന്റെ കാലതാമസത്തിന് നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല | 1-27 |
| 46 | നവീകരണത്തിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പാർക്ക് ഉപയോഗപ്രദമായില്ല | 1-28 |
| 47 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-29 |
| 48 | ടേക്-എ-ബ്രേക്ക്- ടോയ്‌ലറ്റ് പൂട്ടിയ നിലയിൽ | 1-30 |
| 49 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-31 |
| 50 | ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 19/06/2025 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 21/06/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത്രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്ത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**പത്തനംതിട്ട**
**21/11/2025**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 72,07,534 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 52,64,976 രൂപയാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണ്.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. സ്ഥാപനം ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ 31.03.2025 തീയതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 നിക്ഷേപ പ്രവൃത്തികളുടെ നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമല്ല

നിക്ഷേപ പ്രവൃത്തികളുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. വിവിധ നിർവ്വഹണ ഏജൻസികളിലായി നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിലോ രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല.

തൻവർഷം വിവിധ നിർവ്വഹണ ഏജൻസികളിൽ മുൻകൂറായി നൽകിയ തുക ഷെഡ്യൂൾ ബി-18-ൽ "Advance To Implementing Officers – എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെ.എസ്.ഇ.ബി –

1. Proj.No. 184/25 - ഒന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ Rs. 100000
2. Proj.No. 272/25 - ഒന്നാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ Rs. 119400
3. Proj.No. 266/25 - പുന്നിലം ത്രീഫേസ് ലൈൻ Rs. 93250
4. Proj.No. 362/25 - വാർഡ് 7 ലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ Rs. 35289
5. Proj.No. 363/25 - വാർഡ് 11 ലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ Rs. 22680

പി.ഡബ്ല്യൂ.ഡി. -

1. Proj.No. 198/25 – വിവിധ സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ Rs. 200000
2. Proj.No. 194/25 - എം.സി.എഫിൽ സി.സി.ടി.വി. സ്ഥാപിക്കൽ Rs. 50000

## 1-1-6 ഗുണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല

തൻവർഷം ഗുണഭോക്തൃവിഹിതമിനത്തിൽ 415400 രൂപ ചെലവഴിച്ചെങ്കിലും വാർഷിക കണക്കിൽ മുന്നിരിപ്പ് തുക തന്നെയാണ് (168111 രൂപ) ചെലവ് തുകയായി ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈയിനത്തിലെ നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യത ബോധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല.

## 1-1-7 ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

ചുവടെ ചേർക്കുന്ന ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

1. Proj.No. 188/25 - വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ Rs. 117110
2. Proj.No. 369/25- വിട്ടുകിട്ടിയ സ്ഥാപനത്തിന്റെ ഹാളിൽ പെഡസ്ട്രിയൽ ഫാൻ വാങ്ങൽ Rs. 19000
3. Proj.No. 11/25 - വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ Rs. 146930
4. Proj.No. 316/25 – സ്കൂളുകൾക്ക് ലാപ്ടോപ്പ് Rs. 85998
5. Proj.No. 346/ 25 - സ്കൂളുകളിൽ പ്രിന്റർ വാങ്ങൽ Rs. 35500

## 1-1-8 ലൈഫ് ഭവന പദ്ധതി വായ്പ - മുന്നിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-5: Secured Loan From KURDFC- വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് തുകയും (97,90,462 രൂപ) രജിസ്റ്റർ പ്രകാരമുള്ള തുകയും (94,81,639 രൂപ) തമ്മിൽ 3,08,823 രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-1-9 മുൻ കാലയളവ് (Prior Period) ഹെഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം I-18 - Prior Period Expenditure, I-19 - Prior Period Income എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | | |
|---|---|---|
| 290600499 | Prior Period Expenses - Remission And Refund - Other Incomes | 101,860 |
| 290800501 | Prior Period Expenses - Programme Expenses | -1,614,973 |
| 190100101 | Prior Period Income – Property Tax | 77,934 |

## 1-1-10 ബാങ്ക് നീക്കിയിരിപ്പ് തുക -പാസ് ബുക്ക് ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-17) ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിൽ 780 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട പാസ് ബുക്ക് ഹാജരാക്കിയില്ല.

## 1-1-11 Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി 9 - Liability In Respect Of Stale Cheque – അക്കൗണ്ട് ചെയ്തിരിക്കുന്ന 24432 രൂപ കൃത്യമായ ഹെഡിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-12 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

1. Proj.No. 323/25 - വിട്ടുകിട്ടിയ സ്ഥാപനത്തിന് ഫർണിച്ചർ വാങ്ങൽ Rs. 25000 ആസ്തി ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം റവന്യു ഹെഡ്ഡിൽ (251110008) അക്കൗണ്ട് ചെയ്തു.

2. Proj.No. 41/25 - ആയുർവേദ ഡിസ്പെൻസറിയ്ക്ക് ടെലിവിഷൻ വാങ്ങൽ RS. 15990 ആസ്തി ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം റവന്യു ഹെഡ്ഡിൽ (2511110503) അക്കൗണ്ട് ചെയ്തു.

## 1-1-13 പാർട്ട് ബിൽ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻ വർഷത്തെ പാർട്ട് ബിൽ തുകയായി അസി.എഞ്ചിനീയർ ലഭ്യമാക്കിയ തുകയുടെ വിവരങ്ങൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Proj. No. 229/25 – മൃഗാശുപത്രി നിർമ്മാണം ഒന്നാം ഘട്ടം Rs. 1202130

2. Proj. No. 143/25 - കുളിക്കടവുകളുടെ സംരക്ഷണം Rs. 199059

3. Proj. No. 251 /25 - തോട്ടഭാഗം എൽ.പി.സ്കൂൾ കളിസ്ഥലം നവീകരണം Rs. 256852

## 1-1-14 വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-45, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-15 ഹെൽത്ത് ഗ്രാന്റ് - പലിശയിനത്തിലെ വരവ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് & വെൽനെസ്സ് ഇനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച 6578 രൂപയും ഇൻഫ്രാസ്ട്രക്ചർ ഇനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച 13334 രൂപയും അതത് ഇനങ്ങളുടെ വരവായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-16 ഡൊണേഷൻ റിലേറ്റഡ് ടു പാൻഡമിക് /എപിഡമിക് കൺട്രോൾ നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-4-ൽ ഡൊണേഷൻ റിലേറ്റഡ് ടു പാൻഡമിക്/എപിഡമിക് കൺട്രോൾ ഇനത്തിൽ 1,56,020 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. ടി തുകയുടെ കൃത്യത രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെട്ടിട്ടില്ല.

## 1-1-17 എൻ.ആർ.ഇ.ജി.എസ്സ് - മെറ്റീരിയൽസിന്റെ വരവ്-ചെലവ് തുക വാർഷിക

## കണക്കിൽ ഉൾപ്പെട്ടിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്റ്റർ പ്രകാരമുള്ള മെറ്റീരിയൽസിന്റെ വരവ് - ചെലവിനത്തിലെ തുകയായ(EFMS) 3150819.57 രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-18 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - വരവ് തുകകൾ കൃത്യമല്ല

സി.എഫ്.സി–ടൈഡ് ഗ്രാന്റിനത്തിൽ Unspent Balance ഇനത്തിൽ 5,70,384 രൂപ ട്രഷറി മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. [സ.ഉ(ആർ.ടി.)നം.4802/2024/ധന., തീയതി 18-06-2024 പ്രകാരം 2,85,192 രൂപയും സ.ഉ.(ആർ.ടി.)നം.2075/2025/ധന., തീയതി 04-03-2025 പ്രകാരം 2,85,192 രൂപയും ഉൾപ്പെടെ]. എന്നാൽ പ്രസ്തുത തുക വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
സി.എഫ്.സി അൺ-ടൈഡ് ഗ്രാന്റിനത്തിൽ Unspent Balance ഇനത്തിൽ 1,212 രൂപ ട്രഷറി മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. [സ.ഉ(ആർ.ടി.)നം.4802/2024/ധന., തീയതി 18-06-2024 പ്രകാരം 487 രൂപയും സ.ഉ.(ആർ.ടി.)നം.2075/2025/ധന., തീയതി 04-03-2025 പ്രകാരം 486 രൂപയും സ.ഉ(ആർ.ടി.)നം.4130/2024/ധന., തീയതി 21/05/2024 പ്രകാരം 239 രൂപയും ഉൾപ്പടെ]. എന്നാൽ പ്രസ്തുത ഇനത്തിലുള്ള വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അൺ-ടൈഡ് പലിശയിനത്തിലെ 2,62,068 രൂപയും വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 12/02/2024-ാം തീയതിയിലെ ജനറൽ കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 04/03/2025-ലെ ജനറൽ കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | | യഥാർത്ഥത്തിലുള്ളത് | |
|---|---|---|---|---|
| | പഴയത് | പുതുക്കിയത് | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
| മുന്നിരിപ്പ് | 21,73,300 | 21,73,300 | 10,485,253 | 0 |
| വരവ് | 23,95,89,556 | 21,24,51,818 | 38611442 | 117,108,409 |
| ആകെ | 24,17,62,856 | 21,46,25,118 | 49,096,695 | 117,108,409 |
| ചെലവ് | 23,91,77,806 | 21,25,76,639 | 31403908 | 112,499,782 |
| നീക്കിയിരിപ്പ് | 25,85,050 | 20,48,479 | 17,692,787 | 0 |

## 1-3 സാമ്പത്തിക നില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 10,485,253 | |
| ഓഡിറ്റ് വർഷത്തെ വരവ് | 38,611,442 | 11,71,08409 |
| ആകെ വരവ് | 49,096,695 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31,403,908 | 11,24,99782 |
| നീക്കിയിരിപ്പ് | 17,692,787 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14053000 | 14053000 | 14013000 | - | 40000 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6649000 | 6649000 | 6649000 | - | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി ) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക് | 3793066 | 5250500 | 9043566 | 2652298 | 6046342 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 570384 | 570384 | 345165 | 0 | 225219 |
| ധനകാര്യ കമ്മീഷൻ | 1091202 | 2368000 | 3721270 | 1312661 | 2408609 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (അൺ-ടൈഡ്) ബാങ്ക് | പലിശ | 262068 | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) ട്രഷറി | - | 1212 | 1212 | 0 | 0 | 1212 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 14161000 | 14161000 | 11461442 | - | 2699558 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ് | | 6817000 | 6817000 | 4900299 | - | 1916701 |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ഹെൽത്ത്ഗ്രാന്റ് ഇൻഫ്രാസ്ട്രക്ച്ചർ | 655019 | 311,080 | 979433 | 578540 | 400893 | - |
| | പലിശ | 13334 | | | | |
| ഹെൽത്ത് ഗ്രാന്റ് സബ് സെന്റർ &വെൽനെസ്സ് സെന്റർ | 325,619 | 510,796 | 842993 | 252091 | 590902 | - |
| | പലിശ | 6578 | | | | |
| ഐ.സി.ഡി.എസ് | 1400272 | 1107301 | 2507573 | 911493 | 1596080 | - |
| എൻ.ആർ.ഇ.ജി.എസ്സ്. | - | 1573951 | 1573951 | 1540533 | 33418 | - |
| എൻ.എച്ച്.എം. | 442932 | - | 442932 | - | 442932 | - |
| ശുചിത്വ മിഷൻ | 473672 | - | 473672 | 319481 | 154191 | - |
| സമ്പൂർണ്ണശുചിത്വം | 17542 | - | 17542 | - | 17542 | - |
| ലൈഫ് – സംസ്ഥാന വിഹിതം | 1281648 | 1857380 | 3139028 | 1837380 | 1301648 | - |
| പൈക്ക | 2151 | 60 | 2211 | - | 2211 | - |

ജനറൽ പർപ്പസ് ഗ്രാന്റായി തൻവർഷം 1,17,28,387 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഫണ്ട്** | **ഇനം (സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്)** | **വരവിൽ ഉൾപ്പെടാത്ത തുക** |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - രണ്ടാം ഗഡു | 180612 |
| വികസന ഫണ്ട് (എസ്.സി.പി) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് – മൂന്നാംഗഡു | 190525 |
| വികസന ഫണ്ട് (ജനറൽ) | അങ്കണവാടി അധിക വേതനം | 788400 |
| വികസന ഫണ്ട് (ജനറൽ) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - രണ്ടാം ഗഡു | 354210 |
| വികസനഫണ്ട് (ജനറൽ) | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - മൂന്നാംഗഡു | 344560 |

## 1-5 പദ്ധതി അവലോകനം

**1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 117553017 | 192 | 53454254 | 0 | 72 | 72.72 |

**2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ | 8 | 8 | 1121990 | 1121590 | 99.9 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ, ആയുർവ്വേദം | | | | | |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 11 | 9 | 4151869 | 2823256 | 67.99 |
| കൃഷി ഓഫീസർ | 15 | 15 | 5500104 | 4417332 | 80.31 |
| സെക്രട്ടറി | 49 | 35 | 6456229 | 6251903 | 96.83 |
| വെറ്ററിനറി സർജൻ | 8 | 8 | 1145850 | 1145850 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 17 | 45789208 | 7688969 | 16.79 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 12 | 4984787 | 4192986 | 84.11 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 2306802 | 815708 | 35.36 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 3450290 | 2661007 | 77.12 |
| ഹെഡ്മിസ്ട്രസ് | 5 | 5 | 323198 | 322498 | 99.78 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 113 | 67 | 42262690 | 21989155 | 52.02 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 60000 | 24000 | 40 |
| ആകെ | 264 | 192 | 117553017 | 53454254 | 45.47 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 1573951 | 1573951 | 1540533 | 33418 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 10620423 | 10620423 | 10620423 | |
| ആകെ | 0 | 12194374 | 12194374 | 12160956 | 33418 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1505 | 22082400 |
| കർഷകതൊഴിലാളി പെൻഷൻ | 125 | 2235200 |
| വിധവാപെൻഷൻ | 559 | 8661100 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 19 | 320000 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 170 | 2703300 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2025 തീയതിയിൽ 2.45 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8765 രൂപ (എണ്ണായിരത്തി എഴുനൂറ്റി അറുപത്തിയഞ്ച് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമ്പൂർണ്ണമായ ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ല. ഇതു നികുതി, ഫീസ് എന്നീ ഇനങ്ങളിലുള്ള വരവ് കുറയുന്നതിനു കാരണമാകുന്നു. തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.

പരാതി രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. മുൻകൂർ തുകകൾ സംബന്ധിച്ചും കൃത്യമായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിക്ഷേപ പ്രവൃത്തിയുമായി ബന്ധപ്പെട്ട കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. റോഡ് സംബന്ധമായ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും റോഡിതര ആസ്തികളുടെ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മറ്റുള്ള ആസ്തികളെ സംബന്ധിച്ച വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പുതുതായി സൃഷ്ടിക്കപ്പെടുന്ന റോഡുകൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2018 മുതൽ 28.02.2018 വരെ | 2012 -13 മുതൽ 2016 -17 വരെ | 11.04.2018 |
| പെർഫോമൻസ് ഓഡിറ്റ് | 09.03.2022 മുതൽ 11.03.2022 വരെ | 04/2021 മുതൽ 12/2021 വരെ | 10.10.2022 |

## 1-11 പലിശരഹിത അക്കൗണ്ടുകളിൽ 92.13 ലക്ഷം രൂപ - പഞ്ചായത്തിന് വരുമാന നഷ്ടം

കവിയൂർ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കുന്നതിനായി കവിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ടും യു.പി.ഐ. പേയ്മെന്റ്, ഇ-പേയ്മെന്റ് എന്നിവയ്ക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കവിയൂർ ബ്രാഞ്ചിലെ കറണ്ട് അക്കൗണ്ടുകളുമാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്. BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി മാത്രം ഉപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീക്കൺസിലിയേഷൻ നടത്തി, നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് 21.07.2023-ലെ എൽ.എസ്.ജി.ഡി./പി.ഡി./20073/2023-ആർ.ഇ.വി2 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ യു.പി.ഐ. പേയ്മെന്റ് അക്കൗണ്ടിൽ (A/C.No.42183571529) നിന്നും 2024-25 വർഷത്തിൽ വരവിനത്തിൽ ലഭിച്ച 9,12,566 രൂപ 29.03.2025-ൽ എസ്.ബി.ഐ ബാങ്കിലെ ഇ-പേയ്മെന്റ് അക്കൗണ്ടിലേക്കാണ് (കറന്റ് അക്കൗണ്ട് നം.36874509391) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ഇ-പേയ്മെന്റ് അക്കൗണ്ടിൽ 27.09.2025-ൽ 67,31,618.29 രൂപ ബാലൻസായി അവശേഷിക്കുന്നുണ്ട്. 29.03.2025-ന് ശേഷം 29.09.2025 വരെ യു.പി.ഐ. പേയ്മെന്റ് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള 24,81,768 രൂപയും തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. കറന്റ് അക്കൗണ്ടുകളിൽ നിന്നും തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക കൃത്യമായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം പഞ്ചായത്തിന്

നഷ്ടമാകുകയാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/13.10.2025) സെക്രട്ടറി ഇപ്രകാരം മറുപടി ലഭ്യമാക്കി.

പഞ്ചായത്തിന്റെ ഫയൽ/അക്കൗണ്ട് സോഫ്റ്റ് വെയർ 2025 ഏപ്രിൽ 1 മുതൽ ഐ.എൽ.ജി.എം.എസ്സിൽ നിന്നും കെ-സ്മാർട്ടിലേക്ക് മാറിയപ്പോൾ തനത് ഫണ്ട് അക്കൗണ്ട് പ്രാഥമിക സഹകരണ ബാങ്ക് അക്കൗണ്ട് ആയതിനാലും, ടി ബാങ്കിന് ഐ.എഫ്.എസ്.സി കോഡ് ഇല്ലാത്തതിനാലും പ്രസ്തുത സേവിംഗ്സ് അക്കൗണ്ട് കെ-സ്മാർട്ടിൽ മാപ്പ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. നിലവിൽ ഉപയോഗിച്ചു വരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഇ-പേയ്മെന്റ് അക്കൗണ്ട് കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ തനത് ഫണ്ട് അക്കൗണ്ടായി മാപ്പ് ചെയ്യുകയും തനത് ഫണ്ടിന്റെ ഇടപാടുകൾ ടി അക്കൗണ്ടിൽ നിന്നും നടത്തി വരികയുമാണ്. പഞ്ചായത്തിന് നിലവിൽ മറ്റ് ദേശസാൽകൃത ബാങ്കുകളിൽ സേവിംഗ്സ് അക്കൗണ്ടുകൾ ഇല്ലാത്തതിനാലും സഹകരണ ബാങ്ക് മുഖേനയുള്ള ഇടപാടുകൾക്ക് കാലതാമസം നേരിടുന്നതിനാലുമാണ് ഇ-പേയ്മെന്റ് അക്കൗണ്ട് തനത് ഫണ്ട് അക്കൗണ്ടായി ഉപയോഗിച്ചു വരുന്നതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

പൊതുവെ തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ, കറണ്ട് അക്കൗണ്ടുകളിലെ നിലവിലുള്ള തുകയ്ക്ക് പലിശയിനത്തിൽ വരുമാനം ലഭ്യമാകാത്ത സാഹചര്യത്തിൽ ടി തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനോ, സ്ഥിര നിക്ഷേപമാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-12 വസ്തു നികുതി പരിഷ്ക്കരണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണെന്ന് 22.03.2023-ലെ സ.ഉ.(കൈ)77/2023/ത.സ്വ.ഭ.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ. യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതും ഒരു കെട്ടിട നമ്പരിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതുമാണ്. 06.06.2024-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.12 തീരുമാന പ്രകാരം വസ്തു നികുതി പരിഷ്ക്കരണത്തിന് ഫീൽഡ് തല പരിശോധനയ്ക്കായി വേതനം പുതുക്കി നല്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്.

കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും മേൽ പറഞ്ഞ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തു നികുതി സഞ്ചയയിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.11/13.10.2025) നല്കിയിരുന്നു. വസ്തുനികുതി പരിഷ്ക്കരണം നടത്തുന്നതിലേക്ക് ഫീൽഡ് പരിശോധന, ഡേറ്റാ എൻട്രി എന്നിവയിലേക്ക് താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഉദ്യോഗാർഥികളുടെ അഭിമുഖം നടത്തി 2 ഉദ്യോഗാർഥികളെ തെരഞ്ഞെടുത്തെങ്കിലും തുക കുറവായതിനാൽ ടിയാളുകൾ ജോലിയിൽ തുടരുന്നതിന് തയ്യാറായില്ലെന്നും, വിവര ശേഖരണം പൂർത്തിയാക്കിയിട്ടില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നിമിത്തം നികുതി ഇനത്തിൽ നഷ്ടമുണ്ടായത് ഒഴിവാക്കി വരുമാന വർദ്ധനവ് നേടാനാവുന്നതാണ്. തുടർ നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാടക പിരിവ് - അപാകതകൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് വക 29 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. ബൈലോ തയ്യാറാക്കിയിട്ടില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടകപിരിവിനായി ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

**2. വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.**

ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരുടെ പേര് | കെട്ടിട നം. | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | സുഭാഷ് കുമാർ | X/170 | 2022-23 | 9204 |
| | | | 2023-24 | 9672 |
| | | | 2024-25 | 10164 |
| 2 | മനോജ് കെ.എ. | VII/410 | 2022-23 | 14772 |
| | | | 2023-24 | 15516 |
| | | | 2024-25 | 16296 |
| 3 | അനീഷ് എം.എസ്. | VII/413 | 2022-23 | 5124 |
| | | | 2023-24 | 21528 |
| | | | 2024-25 | 22608 |
| 4 | മനോജ് കെ.എ. | VII/415 | 2022-23 | 10980 |
| | | | 2023-24 | 11532 |
| | | | 2024-25 | 12108 |
| 5 | രാജമ്മ രാജു | X/ 179 | 2024-25 | 41064 |
| 6 | സനൽ കുമാർ എൽ. | X/ 177 | 2024-25 | 44360 |
| | **ആകെ** | | | **244928** |

കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 സർക്കാർ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

വസ്തുനികുതി കുടിശ്ശികയാക്കിയിട്ടുള്ള സർക്കാർ കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക |
|---|---|---|
| 7/18 | തഹസീൽദാർ, വില്ലേജ് ഓഫീസ്, കവിയൂർ | 5671 |

വസ്തു നികുതി കുടിശ്ശിക, പിഴപലിശ ഉൾപ്പെടെ ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ 85 A നം. കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്ന കൃഷ്ണകുമാരി എ.എസ്, ദേവരാഗം, വള്ളംകുളം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ന്യു എം ബ്ലോക്ക് (മൺകട്ട നിർമ്മാണം) എന്ന പേരിൽ പ്രവർത്തിച്ചു വന്നിരുന്ന സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇനത്തിൽ 4900 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. നിലവിൽ ടി. സ്ഥാപനം പ്രവർത്തനരഹിതമാണെന്നും കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഫീസ് പിരിവ് - അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ലെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടാതിരിക്കുന്നതിനും കാരണമാകുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ 268 സ്ഥാപനങ്ങൾക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചു നൽകിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപ്പഞ്ചായത്ത്

പ്രദേശത്തെ സ്ഥാപനങ്ങളുടെ എണ്ണം 303 ആണ്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർനപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-17 യോഗ നടപടികളുടെ മിനിട്സ് തയ്യാറാക്കിയതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി |
|---|---|---|---|
| 1 | 3.6.2024 | 20.8. 2024 | 20.8.2024 |
| 2 | 11.6.2024 | 9.9.2024 | 9.9.2024 |
| 3 | 10.7.2024 | 9.9.2024 | 9.9.2024 |
| 4 | 25.7.2024 | 17.10.2024 | 17.10.2024 |
| 5 | 9.8.2024 | 13.9.2024 | 13.9.2024 |
| 6 | 20.9.2024 | 17.10.2024 | 17.10.2024 |
| 7 | 18.10.2024 | 3.2.2025 | 3.2.2025 |
| 8 | 6.11.2024 | 20.12.2024 | 20.12.2024 |
| 9 | 12.12.2024 | 3.2.2025 | 3.2.2025 |
| 10 | 23.12.2025 | 24.2.2025 | 24.2.2025 |
| 11 | 19.11.2024 | 24.2.2025 | 24.2.2025 |
| 12 | 7.1.2025 | 3.2.2025 | 3.2.2025 |
| 13 | 15.1.2025 | 3.2.2025 | 3.2.2025 |
| 14 | 21.1.2025 | 22.2.2025 | 22.2.2025 |
| 15 | 27.1.2025 | 27.3.2025 | 27.3.2025 |
| 16 | 1.2.2025 | 27.3.2025 | 27.3.2025 |
| 17 | 17.2.2025 | 27.3.2025 | 27.3.2025 |
| 18 | 24.2.2025 | 29.5.2025 | 29.5.2025 |
| 19 | 4.3.2025 | 29.5.2025 | 29.5.2025 |
| 20 | 12.3.2025 | 29.5.2025 | 29.5.2025 |
| 21 | 20.3.2025 | 29.5.2025 | 29.5.2025 |
| 22 | 28.3.2025 | 11.6.2025 | 11.6.2025 |

ചുവടെ ചേർക്കുന്ന തീയതികളിലെ മിനിട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| 1 | 23 | 08.07.2025 |
| 2 | 26 | 25.08.2025 |
| 3 | 29 | 26.09.2025 |

നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മിനിട്സ് അംഗീകാരത്തിന് സമർപ്പിക്കാത്തതിനും, ക്ലോസ് ചെയ്യാത്തതിനും കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/16.10.2025) മറുപടി ലഭ്യമാക്കിയില്ല. സമയപരിധി പാലിച്ച് മിനിട്സുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം പരിഹാര നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ഉപയോഗപ്പെടുത്താതെ എസ്.സി.പി. ഫണ്ടിൽ നിന്ന് 100 ശതമാനം സബ്സിഡി അനുവദിച്ചു

ഗുണഭോക്തൃവിഹിതം ഇനത്തിൽ തുക പിരിച്ചെടുത്തുവെങ്കിലും ആയത് പദ്ധതികളിൽ ഉൾപ്പെടുത്താത്തതിനാൽ എസ്.സി.പി. ഫണ്ടിൽ നിന്ന് 100 ശതമാനം സബ്സിഡി അനുവദിക്കാനിടയായി.

| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
|---|---|---|
| പ്രോജക്ട് നം./പേര് | S0313/25 സ്കൂൾ കുട്ടികൾക്ക് സൗരോർജവിളക്ക് | S0138/25 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| അടങ്കൽ | 69800 (വികസനഫണ്ട് എസ്.സി.പി.) | 115500 (വികസനഫണ്ട് എസ്.സി.പി.) |
| ചെലവ് | 22800 | 115500 |
| ബിൽ നം./തീയതി | 240507520094015632221 തീയതി 17/03/2025 | 240507520094015999871 തീയതി 20/03/2025 |

മേൽ പദ്ധതികളിൽ അടങ്കലിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ഈ തുകകൾ 31.03.2025-ൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ വാർഷിക ധനകാര്യപത്രികയിൽ നീക്കിബാക്കിയായി കാണിച്ചിട്ടുള്ള 526571 രൂപയിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) സ്കൂൾ കുട്ടികൾക്ക് സൗരോർജവിളക്ക് പദ്ധതി പ്രകാരം 6 സൗരോർജവിളക്ക് വാങ്ങിയതിന്റെ വിലയായി 22800 (3800x6) രൂപ ANERT-ന് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി 975 രൂപ വീതം ഗുണഭോക്താക്കൾ നേരിട്ട് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ 6.9.2 പ്രകാരം ഈയിനത്തിൽ പട്ടികജാതി വിഭാഗത്തിന് 75% (പരമാവധി 3000 രൂപ) ആണ് സബ്സിഡി നിർണ്ണയിച്ചിട്ടുള്ളത്.

Ii) പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് പദ്ധതി പ്രകാരം 30 വാട്ടർ ടാങ്കുകൾ വാങ്ങിയതിന്റെ വിലയായി 115500 രൂപ ഗ്ലോബൽ വെഞ്ചേഴ്സ്, വട്ടമ്പലം, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി 963 രൂപ വീതം ഗുണഭോക്താക്കൾ നേരിട്ട് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ 6.6.5 പ്രകാരം ഈയിനത്തിൽ പട്ടികജാതി വിഭാഗത്തിന് 75% ആണ് സബ്സിഡി നിർണ്ണയിച്ചിട്ടുള്ളത്.

പദ്ധതികൾ പ്രകാരം എസ്.സി.പി.ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | എസ്.സി.പി. ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക | എസ്.സി.പി. ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്ന തുക (75%) | എസ്.സി.പി.ഫണ്ടിൽ നിന്ന് കൂടുതലായി ചെലവഴിച്ച തുക |
|---|---|---|---|
| S0313/25 സ്കൂൾ കുട്ടികൾക്ക് സൗരോർജവിളക്ക് | 22800 | (3800x75%=2850) 2850x6=17100 | 5700 |
| S0138/25 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | 115500 | (3850x75%=2887) 2887x30=86610 | 28890 |

രണ്ടു പദ്ധതികളിലും 25% തുക ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ആ തുക ചെലവഴിക്കാതിരുന്നതിനാൽ തുക പൂർണ്ണമായും വികസനഫണ്ട് (എസ്.സി.പി) യിൽ നിന്ന് സബ്സിഡിയായി അനുവദിച്ചു. പ്രസ്തുത അപാകത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/08.10.2025) ഈ പദ്ധതികൾ 2025-26 വർഷത്തെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതായും 2024-25 വർഷത്തിൽ ലഭിച്ച ഗുണഭോക്തൃവിഹിതം സ്പിൽ ഓവർ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണെന്നും ആയതിനനുസൃതമായി എസ്.സി.പി. ഫണ്ട് കുറവായി ചെലവ് ചെയ്ത് ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തി അധികമായി ചെലവഴിച്ച എസ്.സി.പി. ഫണ്ട് ഇപ്രകാരം ക്രമീകരിക്കുന്നതാണെന്ന മറുപടി താത്ക്കാലികമായി മാത്രം അംഗീകരിക്കുന്നു. എസ്.സി.പി. ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവയുടെ ചെലവിന്റെ കൃത്യമായ അനുപാതം ഉറപ്പാക്കേണ്ടതും തുക ചെലവഴിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതുമാണ്. പദ്ധതിനിർവ്വഹണത്തിൽ സബ്സിഡി സംബന്ധമായ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം നിർവ്വഹണോദ്യോഗസ്ഥന്റെയും പഞ്ചായത്ത് കമ്മറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1- 19 അഗതി രഹിതകേരളം ആശ്രയ പദ്ധതി -സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ

## സൂക്ഷിക്കുന്നില്ല

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതികുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃതപദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നുണ്ട്. പഞ്ചായത്തിൽ പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി | 122/25 അഗതി രഹിതകേരളം ആശ്രയ |
| അടങ്കൽ | വികസനഫണ്ട് (ജന.) - 89307<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 200000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 400000 |
| ചെലവ് | വികസനഫണ്ട് (ജന.) - 89307<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 100000 |
| ബിൽ നം./ചെക്ക് നം./ തീയതി | 24050752009401080694 23/12/2024 ₹ 89307<br>24050752009401169582 13/01/2025 ₹ 100000 |

ആശ്രയ പദ്ധതി നടത്തിപ്പിനായി ഈ തുകകൾ കുടുംബശ്രീ സി.ഡി.എസ്സ്. ചെയർപേഴ്സൺന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കവിയൂർ ശാഖയിലെ 2014414060 നമ്പർ അക്കൗണ്ട്) കൈമാറിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിൽ നിന്ന് തൻവർഷം രണ്ട് പ്രാവശ്യമായി ആകെ 253,800 രൂപ ഭക്ഷണക്കിറ്റിനായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക |
|---|---|
| 33352/20.11.2024 | 130700 |
| 33353/01.03.2025 | 123100 |
| **ആകെ** | **253800** |

ഭക്ഷണക്കിറ്റ് വിതരണത്തിലുണ്ടായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഭക്ഷണകിറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 130700 രൂപയുടെ വൗച്ചറിൽ 183 ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടുംബാംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 500, 700, 900 രൂപയുടെ കിറ്റുകളായാണ് ഭക്ഷണ സാമഗ്രികൾ വിതരണം നടത്തുന്നത്. 500 രൂപയുടെ കിറ്റ് 58 പേർക്കും 700 രൂപയുടെ കിറ്റ് 54 പേർക്കും 900 രൂപയുടെ കിറ്റ് 71 പേർക്കും നൽകിയതായാണ് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കവിയൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും അതാത് ഗുണഭോക്താക്കളുടെ പേരിൽ ഭക്ഷ്യസാധനങ്ങൾക്കുള്ള ഇൻവോയ്സ് നൽകിയതിന്റെ പകർപ്പുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിതരണവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് നവംബർ 2024-ലെ കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് ഗുണഭോക്താവിന്റെ പേര്, വാർഡ് നം, ഫോൺ നമ്പർ, കിറ്റിന്റെ തുക എന്നിവ രേഖപ്പെടുത്തിയ പ്രിന്റൗട്ടിൽ ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തിയതാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 2024-25-ൽ രണ്ട് പ്രാവശ്യം മാത്രമാണ് ഭക്ഷണവിതരണം നടത്തിയിട്ടുള്ളത്. സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ മാസങ്ങളിലേക്കുള്ള ഭക്ഷണകിറ്റുകൾ ആണ് വിതരണം നടത്തിയതെന്ന് വ്യക്തമാകുന്നില്ല.

2) 500 രൂപയുടെ കിറ്റ് 56 പേർക്കും 700 രൂപയുടെ കിറ്റ് 51 പേർക്കും 900 രൂപയുടെ കിറ്റ് 66 പേർക്കും നൽകിയതായാണ് 123100 രൂപയുടെ വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള കവിയൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./ തീയതി | തുക |
|---|---|
| 1/412 /20.02.2025 | 9464 |
| 2/4741 /20.02.2025 | 18536 |
| 1/413 /21.02.2025 | 8850 |
| 2/4766 /21.02.2025 | 26850 |
| 1/414 /22.02.2025 | 4190 |
| 2/4782 /22.02.2025 | 55210 |
| **ആകെ** | **123100** |

ഈ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയോ ഗുണഭോക്താക്കൾ കിറ്റുകൾ കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത്

പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും (നം.15/16.10.2025) മറുപടി ലഭ്യമാക്കിയില്ല.

ഓരോ ഗുണഭോക്താവും കൈപ്പറ്റിയ ഭക്ഷണ സാമഗ്രികളുടെ അളവ്, തുക, കൈപ്പറ്റിയ തീയതി എന്നിവയുടെ അഭാവത്തിൽ **ചെലവു തുക 123100 രൂപ തടസ്സപ്പെടുത്തുന്നു.**

3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.03.2019-ലെ KS/L/13100/2018 നമ്പർ ഉത്തരവ് പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 223 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭക്ഷണം | 223 |
| ചികിത്സ | 168 |
| വിദ്യാഭ്യാസം | 76 |
| വസ്തു | 9 |
| വീട് | 23 |
| ഭവനപുനരുദ്ധാരണം | 111 |
| കുടിവെള്ളം | 81 |
| വൈദ്യുതീകരണം | 12 |
| ശുചിമുറി | 84 |

എന്നാൽ തൻവർഷം ആശ്രയപദ്ധതി 2 പ്രാവശ്യത്തെ ഭക്ഷണവിതരണത്തിൽ മാത്രം ഒതുങ്ങി. 31.03.2025-ൽ അക്കൗണ്ടിൽ 268222 രൂപ അവശേഷിക്കുന്നുണ്ട്. പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയ്ക്കുതകുന്ന രീതിയിൽ തുക വിനിയോഗിക്കേണ്ടതാണ്. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റോക്ക്, വിതരണവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥരായുള്ള വിവിധ പദ്ധതികൾ പ്രകാരം ഹോംകോ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഹോമിയോ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു**

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പ്രകാരം 100000 രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട് (ബിൽ നം.24050752009100981150/04/12/2024). നിലവിൽ 53691 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന 46309 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**2. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്നുലഭ്യമാകാൻ അവശേഷിക്കുന്നു**

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി, കവിയൂർ) നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നുവാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. ലഭ്യമായതും ലഭ്യമാകാൻ അവശേഷിക്കുന്നതുമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ബിൽ നം./തീയതി/തുക | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയ വിവരം | | ലഭ്യമായ മരുന്ന് | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്ന് |
|---|---|---|---|---|---|
| | | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | | |
| 94/25 എഫ്.എച്ച്.സി.യ്ക്ക് മരുന്നുവാങ്ങൽ | 24050752009200664980 12/09/2024/ ₹333452 | PRF 732/ 25/07/2024 | 333452 | 134022 | 199430 |
| | 24050752009201174900 15/01/2025/ ₹ 266000 | PRF2867/ 09/01/2025 | 234182 | 0 | 266000 |
| | | PRF2166/ 23/11/2024 | 31818 | 0 | |

| | | | | | |
|---|---|---|---|---|---|
| 87/25 പാലിയേറ്റീവ് കെയർ | 24050752009201713852 26/03/2025 ₹ 189988 | PRF 2755/ 31/12/2024 | 169047 | 0 | 189988 |
| | | PRF 2754/ 31/12/2024 | 20941 | 0 | |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-21 നിക്ഷേപ പ്രവൃത്തി-ബാലൻസ് തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചില്ല

നിക്ഷേപ പ്രവൃത്തിയുടെ ബാലൻസ് തുക ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

ആയുർവേദാശുപത്രിക്ക് കുഴൽ കിണർ നിർമ്മാണത്തിനായി പ്രോജക്ട് നം.339/25 പ്രകാരം പത്തനംതിട്ട ഭൂജല വകുപ്പിൽ 55500 രൂപ നിക്ഷേപിക്കുകയും 43245 രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഭൂജല വകുപ്പ് ലഭ്യമാക്കുകയും ചെയ്തു. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ് നിക്ഷേപ പ്രവൃത്തിക്ക് തുക വകയിരുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന 12255 രൂപ തിരികെ നൽകുന്നതിന് ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾക്കായി ഭൂജല വകുപ്പ് പഞ്ചായത്തിന് കത്ത് നൽകി. എന്നാൽ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതും വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ലൈഫ് പദ്ധതി-മുൻകൂർ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല

ഭവന നിർമ്മാണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ നാളിതു വരെ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/വിലാസം | വാർഡ് നം. | കൈപ്പറ്റിയ തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | രാധാമണി, തെക്കേതിൽ | 7 | 40000 | 282/15.03.2023 |
| 2 | സാലി സോമൻ, ഔങ്ങാട്ടികളത്തിൽ | 10 | 40000 | 248/21.02.2023 |
| 3 | രാജിമോൾ, 399621503611, നാഴിപ്പാറ വടക്കേതിൽ | 5 | 40000 | 248/21.02.2023 |
| 4 | ലത സി.കെ, ഇടനാട്ടു കടവിൽ | 8 | 40000 | |
| 5 | അജിത പി.കെ, പേഴുംകാലായിൽ | 6 | 40000 | |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയും തുടർനടപടികൾ സംബന്ധിച്ച വിവരവും ലഭ്യമാക്കാൻ 12/13.10.2025-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.

മേൽ ഗുണഭോക്താക്കളാരും തന്നെ നിലവിൽ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിനും അപ്രകാരം ചെയ്യാത്ത പക്ഷം ഭവന നിർമ്മാണം ആരംഭിക്കുന്നതിനും നോട്ടീസ് നൽകിയിട്ടുള്ളതായും ഭരണസമിതി തീരുമാനം ലഭ്യമാക്കി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-23 അംഗൻവാടി പോഷകാഹാര പദ്ധതിക്കുള്ള കേന്ദ്ര വിഹിതം- പൂർണ്ണമായി ചെലവഴിക്കുന്നില്ല

2020-21 വർഷം അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിൽ 1128838 രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിൽ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | കേന്ദ്ര വിഹിതം ലഭിച്ചത് | ആകെ | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| 2021-22 | 1128838 | 294926 | 1423764 | 192044 | 1231720 |
| 2022-23 | 1231720 | 588226 | 1819946 | 178092 | 1641854 |
| 2023-24 | 1641854 | 706448 | 2348302 | 948030 | 1400272 |

| | | | | | |
|---|---|---|---|---|---|
| 2024-25 | 1400272 | 1107301 | 2507573 | 911493 | 1596080 |

31.3.25 വരെ പ്രസ്തുത ഇനത്തിൽ ആകെ 1596080 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ടി തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം- 44.35 ലക്ഷം രൂപ കുടിശ്ശിക

പഞ്ചായത്തിൽ 175 പൊതു ടാപ്പുകളാണുണ്ടായിരുന്നത്. വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം ഡിമാന്റ് തുക 84,408 രൂപയായിരുന്നെങ്കിലും വെള്ളക്കരമിനത്തിൽ 2022 ഏപ്രിൽ മാസം മുതൽ 72,625 രൂപയാണ് മാസം തോറും പഞ്ചായത്ത് അടവാക്കിയത്. 2023 ഫെബ്രുവരി മാസം വരെ പ്രതിമാസം 84408 രൂപയായിരുന്ന ഡിമാന്റ് തുക 2023 മാർച്ച് മുതൽ 212319 രൂപയായി ഉയർന്നു. 175 ടാപ്പുകളുള്ളതിൽ 25 ടാപ്പുകളൊഴികെ ബാക്കിയുള്ളവയെല്ലാം ഉപയോഗരഹിതമായതോ നിലവിലില്ലാത്തവയോ ആയിരുന്നു. ഉപയോഗരഹിതമായ ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ഭീമമായ തുകയാണ് പഞ്ചായത്ത് മാസം തോറും വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയിട്ടുള്ളത്.

വാർഡുകളിൽ പരിശോധന നടത്തി പ്രവർത്തനരഹിതമായ എല്ലാ ടാപ്പുകളും വിച്ഛേദിച്ച ശേഷമുള്ള കൃത്യമായ കണക്കെടുത്ത് പ്രസ്തുത തുക അടവാക്കാൻ തീരുമാനിച്ചിട്ടുള്ളതാണെന്നും ആയതിനാൽ സംയുക്ത പരിശോധന പൂർത്തിയാക്കി ബിൽ പുന ക്രമീകരിച്ച് നൽകണമെന്നും 14.03.2023-ൽ പഞ്ചായത്തിൽ നിന്നും തിരുവല്ല വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചീനീയർക്ക് കത്ത് നൽകിയെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും സംയുക്ത പരിശോധന നടത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല. പഞ്ചായത്ത് ഭരണസമിതിയുടെ 19.06.2023-ലെ (1) നമ്പർ തീരുമാന പ്രകാരം നിലവിൽ ഉപയോഗിക്കുന്ന പൊതു ടാപ്പുകളിൽ 25 എണ്ണം നിലനിർത്തി ബാക്കിയുള്ളവയുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് 20.06.2023-ൽ വീണ്ടും കത്ത് നൽകി.

പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗരഹിതമായ 150 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി എസ്റ്റിമേറ്റ് തുകയായ 223900 രൂപ എക്സിക്യൂട്ടീവ് എഞ്ചീനീയർ പി.എച്ച് ഡിവിഷൻ, തിരുവല്ലയുടെ AC NO.3922000110130637 PUNJAB NATIONAL BANK-ലേക്ക് ഒടുക്കുന്ന മുറയ്ക്ക് ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തി ചെയ്യുന്നതാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചു.

30.06.2023-ലെ ഭരണസമിതിയുടെ തീരുമാനം നം.2/1 പ്രകാരം തുക ഒടുക്കു വരുത്തുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും 09.08.2023-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കവിയൂർ ബാങ്കിന്റെ 26.07.2023 തീയതിയിലെ നം.097524 ചെക്ക് പ്രകാരം (നെഫ്റ്റ് ) തുക ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. പഞ്ചായത്ത് തുക ട്രാൻസ്ഫർ ചെയ്തതിനു ശേഷവും 2024 ജൂൺ മാസം വരെ 175 ടാപ്പുകളുടെ വെള്ളക്കരമായി 72625 രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തത്.

2024 ജൂലൈ മാസം മുതൽ 25 ടാപ്പുകളുടെ വെള്ളക്കരമായി 30331 രൂപയാണ് പഞ്ചായത്ത് ഒടുക്കി വരുന്നത്. കുടിശ്ശിക തുക 4319941 രൂപയും, ഫൈൻ തുക 84737 രൂപയും, തൻമാസത്തെ ഡിമാന്റ് തുക 30331 രൂപയും ഉൾപ്പെടെ 08-09-2025 തീയതിയിലെ 99052 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിവെള്ളക്കരം 4435009 രൂപയാണ്. കുടിശ്ശികത്തുകയുടെ 2% ഫൈൻ കൂടെ കൂട്ടിയാണ് അടുത്ത മാസത്തെ ഡിമാന്റ് നോട്ടീസ് വാട്ടർ അതോറിറ്റി നൽകുന്നത്.

പഞ്ചായത്തിലെ വർദ്ധിച്ചു വരുന്ന കുടിശ്ശിക ബാദ്ധ്യത ഒഴിവാക്കുന്നതിനു വേണ്ടി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയില്ല.
2024-25 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയിരുന്നില്ല. അക്സപ്റ്റൻസ് ലെറ്റർ തീയതി മുതൽ 14 പ്രവൃത്തി ദിവസം വരെ കരാറുകാരന് പിഴയില്ലാതെ കരാറിലേർപ്പെടാവുന്നതും, ആയതിനു സാധിച്ചില്ലെങ്കിൽ തുടർന്നുള്ള പത്തുദിവസ കാലയളവിൽ കരാറുകാരൻ ക്വോട്ടു ചെയ്ത തുകയുടെ 1% തുക ഫൈൻ ഈടാക്കിക്കൊണ്ട് കരാറിലേർപ്പെടാവുന്നതുമാണ്. ഇപ്രകാരം ഫൈൻ ഈടാക്കിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ | അടങ്കൽ | പി.എ.സി. | അക്സപ്റ്റൻസ് ലെറ്റർ തീയതി | കരാർ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|---|
| 1 | 65/24 (215/25) | പുന്നിലം - മേച്ചേരിൽപ്പടി റോഡ് മെയിന്റനൻസ് | മാത്യു കെ. ചാക്കോ | 625000 (മെയിന്റനൻസ് ഫണ്ട്-റോഡ്) | 576950 | 22.08.2024 | 11.09.2024 | 5770 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | വാർഡ്-3 | | | | | | |
| 2 | 43/24 (256/25) | ഇലവിനാൽ കുരുതികാമൻകാവ് റോഡ് കോൺക്രീറ്റിംഗ് വാർഡ്-14 | വർഗ്ഗീസ് ജോർജ്ജ് | 780000 (തനത് ഫണ്ട്+ വികസനഫണ്ട്) | 490160 | 10.01.2024 | 03.02.2024 | 4902 |
| 3 | 24/24 (221/25) | ഇരുന്നകുഴി പോളച്ചിറ റോഡ് കോൺക്രീറ്റിംഗ് വാർഡ്-12 | വർഗ്ഗീസ് ജോർജ്ജ് | 002970 (സി.എഫ്.സി. ഗ്രാന്റ്) | 189094 | 08.01.2024 | 03.02.2024 | 1891 |
| 4 | 273/24 (261/25) | കടവുകളുടെ സംരക്ഷണം വാർഡ് 9 | കെ.എം. ജോസഫ് | 550576 (Cfc-Tied) | 537339.08 | 16.04.2024 | 02.05.2024 | 5373 |
| 5 | 22/24 (209/25) | അങ്ങേത്താഴെ ഐ.പി.സി. റോഡ് കോൺക്രീറ്റിംഗ് വാർഡ് 1 | വർഗ്ഗീസ് ജോർജ്ജ് | 500004 (തനത് ഫണ്ട്+ സി.എഫ്.സി) | 283613 | 08.01.2024 | 03.02.2024 | 2836 |

പ്രസ്തുത പ്രവൃത്തികളിൽ ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.18/17.10.2025) മറുപടി ലഭ്യമാക്കിയത് അംഗീകരിക്കുന്നില്ല. ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഫൈൻ ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല. കരാറുകാരുമായുള്ള എഗ്രിമെന്റ് പ്രകാരം **'മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലായെങ്കിൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും, അതിൽ കൂടുതൽ വേണ്ടിവരുന്ന മൂന്നു മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും, പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടു മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളു '** എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയ മരാമത്ത് പണികളിൽ സമയം ദീർഘിപ്പിച്ചു ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. എഗ്രിമെന്റിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടുകളുടെ വിശദാംശം | | ഈടാക്കേണ്ടിയിരുന്ന ഫൈൻ (20 ശതമാനം സമയം കൂടി ഫൈൻ ഒഴിവാക്കിയതിന് ശേഷമുള്ളത്) |
|---|---|---|---|
| 1. | പ്രോജക്ട് നമ്പർ,പ്രോജക്ടിന്റെ പേര് | 186/24(257/25), 9-ാം നമ്പർ അംഗൻവാടിക്ക് മെയിന്റനൻസ് വാർഡ് -7 | 22.09.2024-30.11.2024<br>1% Of PAC*70/90=<br>847*70/90=659 |
| | കരാറുകാരൻ | സുനിൽ എം.ജി. | |
| | അടങ്കൽ | 100000 | |
| | ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് | |
| | ചെലവ് | 84817 | |
| | കരാർ നമ്പർ/തീയതി | 30/AE/LID&EW/KVR/23-24 തീ. 17.02.2024 | |
| | സൈറ്റ് കൈമാറിയ തിയ്യതി | 17.02.2024 | |
| | പൂർത്തീകരണ കാലാവധി | 6 മാസം | |
| | PAC | 84739 | |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കേണ്ട തീയതി | 16.08.2024 | |
| | പൂർത്തീകരിച്ച തീയതി | 30.11.2024 | |
| 2. | പ്രോജക്ട് നമ്പർ,പ്രോജക്ടിന്റെ പേര് | 07/23(159/25), അംഗനവാടികളുടെ അടിസ്ഥാന സൗകര്യ വികസനം | 29.01.2024-20.03.2024<br>1% Of PAC*52/90=<br>6095*52/90=3522 |
| | കരാറുകാരൻ | വർഗ്ഗീസ് ജോർജ്ജ് എ<br>ആഞ്ഞിലിമൂട്ടിൽ, പരിയാരം<br>മല്ലപ്പള്ളി | |
| | അടങ്കൽ | 555330 | |
| | ഫണ്ട് | റോഡിതര മെയിന്റനൻസ് ഗ്രാന്റ് | |
| | ചെലവ് | 399168 | |
| | കരാർ നമ്പർ, തീയതി | 07/AE/LID&EW/Kvr തീ. 24.06.23 | |
| | സൈറ്റ് കൈമാറിയ തീയതി | 24.06.23 | |
| | പൂർത്തീകരണ കാലാവധി | 6 മാസം | |
| | PAC | 609489 | |
| | പൂർത്തീകരിക്കേണ്ട തീയതി | 23.12.23 | |
| | പൂർത്തീകരിച്ച തീയതി | 20.03.2024 | |
| 3 | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 268/24(218/25), നാഴിപ്പാറ 15-ാം നമ്പർ അങ്കണവാടിക്ക് പെയിന്റിംഗും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും | 22.09.2024-30.11.2024<br>1% Of PAC*70/90=<br>1690*70/90=1314 |
| | കരാറുകാരൻ | സുനിൽ എം.ജി | |
| | അടങ്കൽ, ഫണ്ട് | 200000 | |
| | ചെലവ് | 182009 | |
| | കരാർ നമ്പർ, തീയതി | 29/AE/LID&EW/KVR/23-24 തീ. 17.02.2024 | |
| | സൈറ്റ് കൈമാറിയ തീയതി | 17.02.2024 | |
| | പൂർത്തീകരണ കാലാവധി | 6 മാസം | |
| | PAC | 169032 | |
| | പൂർത്തീകരിക്കേണ്ട തീയതി | 16.08.2024 | |
| | പൂർത്തീകരിച്ച തീയതി | 30.11.2024 | |

ഫൈൻ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി(നം.18/16.10.2025) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 കളിസ്ഥലം നവീകരണത്തിന്റെ കാലതാമസത്തിന് നിയമാനുസൃത നടപടി സ്വീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 189/2024 |
| പ്രോജക്ടിന്റെ പേര് | തോട്ടഭാഗം എൽ.പി.സ്ക്കൂളിൽ കളിസ്ഥലം നവീകരണം |
| അടങ്കൽ | 3130000 |
| പാർട്ട് ബിൽ തുക | 256852 |
| പി.എ.സി | 265078 |
| ബിൽ നം./ തീയതി | |
| കരാറുകാരൻ | രാജീവ് കുമാർ പി.ആർ<br>തുകലുംകര പുത്തൻ പറമ്പിൽ, കടപ്ര പി.ഒ-689547 |
| കരാർ നം. | 39/AE/LSGD/KVR/2023-24 Dtd 26.02.2024 |

തോട്ടഭാഗം എൽ.പി.സ്ക്കൂളുകളിൽ കളിസ്ഥലം നവീകരണത്തിന്റെ ഭാഗമായി റോഡിതര മെയിന്റനൻസ് ഫണ്ട് 263000 രൂപയും തനത് ഫണ്ട് 50000 രൂപയും ഉൾപ്പെടെ 3130000 വകയിരുത്തി പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നു. 6 മാസമായിരുന്നു പ്രവൃത്തി പൂർത്തീകരണത്തിന്റെ കാലയളവ്. 7.03.2024-ൽ ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക നൽകിയിട്ടില്ല. 15.10.2025-ലെ ഭൗതിക പരിശോധനയിൽ കളിസ്ഥലത്തിന് ചുറ്റും പോളുകളും അനുബന്ധ പൈപ്പുകളും സ്ഥാപിച്ചിട്ടുള്ളതായി കണ്ടു. സ്ക്കൂൾ കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കാതിരിക്കാൻ സ്ഥാപിക്കേണ്ട നൈലോൺ ബൗണ്ടറി നെറ്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ കളിസ്ഥലം ഉപയോഗ പ്രദമായിട്ടില്ല. പാർട്ട് ബില്ലായി 256852 രൂപ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും കരാറുകാരന് കൈമാറിയിട്ടുണ്ട്. കാലതാമസത്തിന് പിഴ ഈടാക്കുകയോ നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. പ്രവൃത്തി തൻ വർഷം പൂർത്തിയാക്കാതെ സ്പിൽ ഓവർ ആക്കുകയുണ്ടായി. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക നൽകുന്ന വേളയിൽ പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-28 നവീകരണത്തിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പാർക്ക് ഉപയോഗപ്രദമായില്ല

136/25 പാർക്ക് നവീകരണം, 96/24(250/25) കുട്ടികളുടെ പാർക്ക് നവീകരണം എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി 2024-25 വർഷം യഥാക്രമം 254227, 182950 എന്നിങ്ങനെ തുകകൾ പഞ്ചായത്തിലെ പാർക്കിന്റെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഫെൻസിംഗ് വർക്ക്, പെയിന്റിംഗ്, കളിക്കോപ്പുകളുടെ റിപ്പയറിംഗ്, റബിൾ മേസന്റിയുടെ മെയിന്റനൻസ് എന്നിവയാണ് നവീകരണ പ്രവർത്തികളായി ചെയ്തിട്ടുള്ളത്. 15.10.2024-ൽ പരിശോധനയ്ക്കായി ചെന്ന വേളയിൽ പാർക്ക് പൂട്ടിയ നിലയിലാണ് കാണാൻ കഴിഞ്ഞത്. പാർക്കിലേക്കുള്ള വഴി മരം വീണ് സഞ്ചാര യോഗ്യമല്ലാതെയായി. പി.ഡബ്ല്യു.ഡി റോഡ് പ്രവൃത്തിക്കായി മാറ്റിയ മണ്ണും പാർക്കിലേക്കുള്ള വഴിയോട് ചേർന്നാണ് നിക്ഷേപിച്ചിട്ടുള്ളത്. പാർക്കിനുള്ളിലെ പെയിന്റിംഗുകൾ സമീപ പ്രദേശത്തുള്ള ആറ്റിലെ വെള്ളം ഉയരുന്ന വേളയിൽ വെള്ളവും, ചേറും നിറയുന്നതിനാൽ വൃത്തിഹീനമായിട്ടുണ്ട്. ടി. പാർക്കിന്റെ നടത്തിപ്പ് ലേലം ചെയ്ത് നൽകുക വഴി പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് പാർക്ക് ഉപയോഗപ്പെടുന്നില്ല. ടേക്ക് എ ബ്രേക്ക് കെട്ടിടവും പാർക്കിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. പൊതുജനങ്ങൾക്ക് പ്രയോജനപ്പെടേണ്ട പാർക്കും ടേക്ക് എ ബ്രേക്ക് കെട്ടിടവും ആ ലക്ഷ്യം കൈവരിക്കുന്നില്ല. ടി. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

| | | |
|---|---|---|
| അങ്കണവാടികളുടെ എണ്ണം | | 18 |
| സ്വന്തമായി കെട്ടിടമുള്ളവ | | 12 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | | 6 |
| ടോയ്‌ലറ്റ് ഉള്ളവ | | 18 |
| ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉള്ളവ | | 4 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | | 18 |
| ചുറ്റുമതിൽ ഉള്ളവ | | 4 |
| കുടിവെള്ള സൗകര്യം ലഭ്യമായവ | പൈപ്പ് ലൈൻ | 14 |
| | കിണർ | 3 |

| | | |
|---|---|---|
| | കുഴൽകിണർ | സെന്റർ നം.10-ൽ കുഴൽകിണർ നിർമ്മിച്ചിട്ടുണ്ടെങ്കിലും മോട്ടോർ, മറ്റു അനുബന്ധ സാധനങ്ങൾ എന്നിവ ഫിറ്റ് ചെയ്തിട്ടില്ല. |

പഞ്ചായത്തിൽ നിലവിലുള്ള 18 അങ്കണവാടികളിൽ 6 എണ്ണം വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സെന്റർ നം. 16-ന് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാകുന്നതിന് സാദ്ധ്യത ഉണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ടി സ്ഥലം നേടിയെടുക്കുന്നതിനും, കെട്ടിടനിർമ്മാണത്തിനും പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

സെന്റർ നം.8 അങ്കണവാടിയിൽ കുഴൽകിണർ നിർമ്മിച്ചിട്ടുണ്ടെങ്കിലും മോട്ടോർ, മറ്റു അനുബന്ധ സാധനങ്ങൾ എന്നിവ സ്ഥാപിച്ചിട്ടില്ല എന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി കുഴൽകിണർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

നിലവിൽ 4 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ നായകളുടെ ശല്യം ഉണ്ടാകുന്നതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. പത്താം വാർഡിൽ ഉള്ള 12-ാം നമ്പർ അംഗൻവാടിയുടെ സമീപത്തുകൂടിയാണ് മണിമലയാർ ഒഴുകുന്നത്. പിൻ വശം ഫ്ളാറ്റ് സ്ഥിതിചെയ്യുന്നു. ഫ്ലാറ്റിന്റെ വസ്തുവും അങ്കണ വാടി കെട്ടിടത്തിന്റെ സ്ഥലവും തമ്മിൽ അതിർത്തി തിരിച്ചിട്ടില്ല. അംഗൻവാടിയുടെ 2 വശങ്ങളിൽ മാത്രമാണ് മതിലുകൾ ഉള്ളത്. അംഗൻവാടിയിൽ വരുന്ന കുട്ടികളുടെ സുരക്ഷ പരിഗണിച്ച് അടിയന്തിരമായി ചുറ്റുമതിൽ, ഗേറ്റ് എന്നിവ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് 4 എണ്ണത്തിന് മാത്രമാണ് ഉള്ളത്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ചുറ്റുമതിൽ, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും അറ്റകുറ്റപ്പണികൾ ആവശ്യമായ കെട്ടിടങ്ങൾക്ക് ആയത് നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കാനുള്ള സാദ്ധ്യത സംബന്ധിച്ച വിഷയത്തിൽ ജനപ്രതിനിധികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

19.04.2022-ലെ സ.ഉ(കൈ)84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-30 ടേക്-എ-ബ്രേക്ക്- ടോയ്‌ലറ്റ് പൂട്ടിയ നിലയിൽ

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉന്നത നിലവാരത്തിൽ പൊതു ശുചിമുറികൾ ഒരുക്കാനായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ടേക്ക്-എ-ബ്രേക്ക്. ശുചിത്വ മിഷന്റെയും തദ്ദേശഭരണ വകുപ്പിന്റെയും സഹകരണത്തോടെ ടേക്-എ-ബ്രേക്ക് സംരംഭങ്ങൾ തുടങ്ങാനാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ദേശിയ-സംസ്ഥാന പാതയോരങ്ങൾ, പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ് പരിസരങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ വൃത്തിയും, ശുചിത്വവും സുരക്ഷിതത്വവുമുള്ള വിശ്രമ കേന്ദ്രങ്ങളും, ശുചിമുറികളും, പ്രത്യേകിച്ച് സ്ത്രീകൾക്ക് ഉപയോഗിക്കാൻ സാധിക്കന്ന തരത്തിൽ നിർമ്മിക്കുകയായിരുന്നു ലക്ഷ്യം. പഞ്ചായത്തുകളിൽ കുറഞ്ഞത് 2 ശുചിമുറി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായിരുന്നു ഉദ്ദേശം. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ 27/07/2020-ലെ സ.ഉ.(സാധാ)നം.1401/202/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതി 2021-22വർഷം പൂർത്തീകരിക്കുന്നതിനായിരുന്നു പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നത്.

പഞ്ചായത്തിൽ 10-ാം വാർഡിൽ മനക്കച്ചിറ എന്ന സ്ഥലത്ത് ആധുനിക രീതിയിലുള്ള ടേക്ക്-എ-ബ്രേക്ക് നിർമ്മിക്കുന്നതിനായി 2020-21 വർഷം പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. യാത്രികർക്ക് വഴിയോര വിശ്രമവും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ ടോയ്‌ലറ്റ് സൗകര്യവും ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയെങ്കിലും പദ്ധതി ലക്ഷ്യം കണ്ടില്ല.

ആധുനിക രീതിയിലുള്ള ടോയ്‌ലറ്റ് സംവിധാനം നിർമ്മിക്കുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1700000 രൂപ അടങ്കലായി 2020-21 വർഷം SO243/21 നമ്പരായി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആണ് പദ്ധതി ആവിഷ്കരിച്ചത്. മനക്കച്ചിറക്കും വടയത്രപ്പടിക്കും ഇടയിലുള്ള തോട് പുറമ്പോക്കായ 584/2 സർവ്വേ നമ്പരിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് നിർമ്മിക്കുന്നതിന് 21-01-2021 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം

കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ആയത് പ്രകാരം ശ്രീ സുനിൽ. എം.ജി, മനക്കച്ചിറ, തിരുവല്ല എന്ന വ്യക്തിക്ക് കരാർ നൽകിയിട്ടുള്ളതാണ്.

നിലവിൽ കണ്ടെത്തിയിരുന്ന സ്ഥലം പി.ഡബ്ല്യൂ.ഡി വകയായതിനാൽ എൻ.ഒ.സി ലഭിക്കാത്തതിനാൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മനക്കച്ചിറ പുഴയോരം പാർക്കിനുള്ളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായും സ്ഥലത്തിന്റെ സാഹചര്യത്തിനനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തൃപ്തികരമായി പദ്ധതി നിർവഹണം നടത്തുന്നതിന് കമ്മറ്റി 21-01-2021 തീയതിയിലെ 2/7 നമ്പർ പ്രകാരം തീരുമാനം എടുത്തു. 2020-21 വർഷം കെട്ടിടം പണി, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവർത്തികൾക്കായി 1166351 രൂപ ചെലവഴിച്ചിട്ടുണ്ട്.

2021-22 വർഷം SO 173/22 നമ്പർ ടേക്-എ-ബ്രേക്ക്- ടോയ്‌ലറ്റ്, കംപ്ളീഷൻ വർക്ക് എന്ന പദ്ധതി പ്രകാരം 465000 രൂപ അടങ്കൽ ആയി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ടിയിനത്തിൽ 459579 രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടു വർഷങ്ങളിലുമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1625930 രൂപ ചെലവഴിച്ച് 2021-22 വർഷം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതാണ്.

ടേക്-എ-ബ്രേക്ക്- ടോയ്‌ലറ്റ് സ്ഥിതി ചെയ്യുന്ന മനക്കച്ചിറ പുഴയോരം പാർക്ക് 05-08-24-ൽ ശ്രീ. ആർ ചന്ദ്രലാൽ, ശ്രീ വല്ലഭ ഡിസൈനേഴ്സ്, തിരുവല്ല, ശ്രീ. ബിബിൻ വർഗീസ് മാത്യു, ചെമ്പരത്തിനാൽ, കാവുംഭാഗം, തിരുവല്ല, ശ്രീ. റ്റിറ്റു തോമസ്, കുഴിമനക്കൽ, കോട്ടൂർ എന്നിങ്ങനെ മൂന്നുപേർക്ക് ലേലം ചെയ്തു കൊടുത്തിട്ടുള്ളതാണ്. ലേലം കൊണ്ട വ്യക്തികൾ നിലവിൽ പാർക്ക് പൂട്ടി ഇട്ടിരിക്കുകയാണ്.




പാർക്ക് പൂട്ടിയതിനാൽ പൊതുജനങ്ങൾക്ക് ടോയ്‌ലറ്റ് ഉപയോഗിക്കുവാൻ സാധിക്കുയില്ല. ടോയ്‌ലറ്റ് സംസ്ഥാന പാതയിൽ നിന്നും ഏകദേശം 100 മീറ്ററോളം ഉള്ളിലേക്ക് മാറിയാണ് നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ ഇങ്ങനെയൊരു ടോയ്‌ലറ്റ് ഉള്ള വിവരം പൊതുജനങ്ങൾക്ക് അറിയുവാൻ സാധിക്കില്ല. ടോയ്‌ലറ്റിലേക്കുള്ള വഴി കാടുകയറിക്കിടക്കുന്നതിനാൽ സഞ്ചാരയോഗ്യമല്ല.

ടേക്-എ-ബ്രേക്ക്- ടോയ്‌ലറ്റ് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതി ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-31 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 31/8/2022-ലെ സ.ഉ(സാധാ) നം.2132/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം. 1625/2023/ ത.സ്വ.ഭ.വ തീയതി 9.8.2023 നമ്പർ ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 5-7-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടി ക്രമങ്ങൾ പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കും, സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ പ്രവർത്തനങ്ങൾക്കുമുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

2022-23 വർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ സ്ഥാപനത്തിന് തുക ലഭിച്ചിട്ടില്ല. 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ പലിശയുൾപ്പെടെ ഹെൽത്ത് ഗ്രാന്റായി 2110587 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. 2023-24, 2024-25 വർഷങ്ങളിൽ 1118792 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് (പലിശ സഹിതം) | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | - | 863180 | 324414 | **1187594** | - | 208161 | 578540 | **786701** | 400893 |
| 2 | Grant For Rural Health & Wellness Centres | - | 405619 | 517374 | **922993** | - | 80000 | 252091 | **332091** | 590902 |
| 3 | Construction Of Building To Health Sub Centres | - | - | - | **-** | - | - | - | **-** | - |
| | **ആകെ** | **0** | **1268799** | **841788** | **2110587** | **0** | **288161** | **830631** | **1118792** | **991795** |

(*2024-25 ൽ ഹെൽത്ത് & വെൽനെസ്സ് ഇനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച 6578 രൂപയും ഇൻഫ്രാസ്ട്രക്ചർ ഇനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച 13334 രൂപയും അതത് ഇനങ്ങളുടെ വരവായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.) കവിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് കവിയൂർ സൗത്ത്, കവിയൂർ നോർത്ത് എന്നിവിടങ്ങളിലായി രണ്ട് സബ്സെന്ററുകളാണുള്ളത്. സബ്സെന്ററുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. രണ്ട് സബ് സെന്ററുകളിലും ലാബ് സൗകര്യമില്ല.

സർക്കാർ ഉത്തരവുകൾ പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | - | 115379 | 468500 | **583879** |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | - | - | - | **-** |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, ലാബ് റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | - | 62582 | 30386 | **92968** |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | - | 30200 | 79654 | **109854** |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | - | - | - | **-** |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ | - | - | - | **-** |
| | **ആകെ** | **-** | **208161** | **578540** | **786701** |

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇവയ്ക്കായി തുക ചെലവഴിച്ചിട്ടില്ല. സ്കീം-4 പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | - | - | 79939 | **79939** |
| 2 | ഇന്റർനെറ്റ് ചാർജ്ജ് | - | 10163 | 7664 | **17827** |
| 3 | ബോധവത്കരണ ക്ലാസ്സുകൾ | - | - | - | **-** |

| | | | | | | |
|---|---|---|---|---|---|---|
| 4 | ജീവനക്കാർക്കും ആശ വർക്കേഴ്സിനും ആരോഗ്യപ്രവർത്തകർക്കും പരിശീലനം | | - | - | - | - |
| 5 | ദൈനംദിനപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക | | - | 69837 | 164488 | **234325** |
| | **ആകെ** | | **-** | **80000** | **252091** | **332091** |

കവിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള രണ്ട് സബ് സെന്ററുകളിലും ലാബ് സൗകര്യം നിലവിലില്ല. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, ശുചിത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയൊന്നും നടപ്പാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാന്റിനത്തിൽ ബാങ്ക്പലിശയുൾപ്പെടെ 991795 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ആരോഗ്യഗ്രാന്റ് ഫലപ്രദമായും സമയബന്ധിതമായും ചെലവഴിയ്ക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം

എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജൽ ജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.
- ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.
- ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
- ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.
- വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയ്ക്കും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/06.10.2025), വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല എന്നാണ് സെക്രട്ടറി അറിയിച്ചത്.

ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഫയലിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിനായി 25.94 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | ചെലവ് തുക | ബിൽ നം./തീയതി |
|---|---|---|
| എസ്.0024/21 | 3,00,000 | 20050752008801080530/12-02-2021 |
| | 7,00,000 | ചെക്ക് നം.2122/18-03-2021 |
| എസ്.0013/22 | 5,94,000 | UTR No.204217228409/19-07-2021 |
| | 10,00,000 | UTR No.2042172862120/20-07-2021 |
| ആകെ | 25,94,000 | |

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 1270 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള

കണക്ഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതമാണ് ഒടുക്കിയിട്ടുള്ളത്. 1,72,86,830 രൂപയുടെ പദ്ധതി അടങ്കലാണ് നിശ്ചയിച്ചിട്ടുള്ളത്. ടി പദ്ധതിക്കായി 22.10.2021-ൽ ഗ്രാമപഞ്ചായത്ത് ത്രികക്ഷി കരാറിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേന്ദ്ര ഗവ: വിഹിതം | 77,79,074 |
| സംസ്ഥാന ഗവ: വിഹിതം | 51,86,049 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 25,93,025 |
| ഗുണഭോക്തൃ വിഹിതം | 17,28,682 |
| **ആകെ** | **1,72,86,830** |

ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിന് ഗ്രാമപ്പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. ജൽ ജീവൻ മിഷൻ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

.

| ഓഡിറ്റ് വർഷത്തെ (2024-25) ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 12 | 69500 | 69500 | | |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുളളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | | | |
| Nil | NA | NA | NA | NA | NA |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| Nil | NA | NA | NA | NA |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 30-09-24 | 3000 | 3000 | 0 | - |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 14.10.2025 & 15.10.2025 | കെ.എസ്.എ-പി.റ്റി.എ.പി7-1219/25 തീയതി: 21-11-2025 |

## 4-3 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത് | നെൽകൃഷി വികസനം | 999228 |
| ജില്ലാ പഞ്ചായത്ത് | പാലിയേറ്റീവ് കെയർ | 243508 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി – ജനറൽ | 360000 |
| ജില്ലാ പഞ്ചായത്ത് | ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും (New) | 500000 |
| ജില്ലാ പഞ്ചായത്ത് | അനുപൂരക പോഷകാഹാര പദ്ധതി | 39538 |
| ജില്ലാ പഞ്ചായത്ത് | ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും (SO) | 471500 |
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി (NEW) | 14748 |
| ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷകാഹാര പദ്ധതി | 76333 |
| ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 100000 |
| ബ്ലോക്ക് | സോളാർ വേലി | 48000 |

| | | |
|---|---|---|
| പഞ്ചായത്ത് | | |
| ബ്ലോക്ക് പഞ്ചായത്ത് | വനിത കർഷക ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നു | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി വികസനം (SO) | 520000 |
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി വികസനം | 520000 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി – ജനറൽ | 492400 |
| ബ്ലോക്ക് പഞ്ചായത്ത് | പാലിന് സബ്സിഡി (SO) | 90222 |
| ബ്ലോക്ക് പഞ്ചായത്ത് | പാലിന് സബ്സിഡി (NEW) | 67785 |
| ബ്ലോക്ക് പഞ്ചായത്ത് | അഗതിരഹിത കേരളം ആശ്രയ | 100000 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| ക്രമനം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നിക്ഷേപത്തുക, ഫണ്ടിനം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | 184/25 | ഒന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി, മല്ലപ്പള്ളി | 100000 (വികസന ഫണ്ട്-ജനറൽ) | 0 | 100000 |
| 2 | 272/25 | ഒന്നാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി,മല്ലപ്പള്ളി | 119400 (തനത് ഫണ്ട്) | 0 | 119400 |
| 3 | 266/25 | പുന്നിലം ത്രീഫേസ് ലൈൻ | കെ.എസ്.ഇ.ബി, തോട്ടഭാഗം | 93250 (വികസനഫണ്ട്-ജനറൽ) | 0 | 93250 |
| 4 | 362/25 | വാർഡ് 7 ലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി, തോട്ടഭാഗം | 35289 (വികസന ഫണ്ട്-ജനറൽ) | 0 | 35289 |
| 5 | 363/25 | വാർഡ് 11 ലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി, തോട്ടഭാഗം | 22680 (വികസനഫണ്ട്-ജനറൽ) | 0 | 22680 |
| 6 | 339/25 | ആയുർവേദാശുപത്രിക്ക് കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ് പത്തനംതിട്ട | 55500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 43245 | 12255 |
| 7 | 198/25 | വിവിധ സ്ഥലങ്ങളിൽ സിസിറ്റിവി ക്യാമറ സ്ഥാപിക്കൽ | പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗം, കോട്ടയം | 200000 (മറ്റുള്ളവ) | 0 | 200000 |
| 8 | 194/25 | എം.സി.എഫിൽ സിസിറ്റിവി സ്ഥാപിക്കൽ | പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗം, കോട്ടയം | 50000 (തനത് ഫണ്ട്) | 0 | 50000 |
| 9 | 298/25 | മത്തിമല കുടിവെള്ള പദ്ധതി വിഹിതം | കേരള വാട്ടർ അതോറിറ്റി തിരുവല്ല | 400000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 256404 | 143596 |

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം എടുത്ത | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | തുക | വായ്പതുക | തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി – KURDFC | 94,81,639 | -- | 94,81,639 | 13,78,730 | -- | 81,02,909 |

ലോൺ തുകയുടെ നീക്കിയിരുപ്പും വാർഷിക കണക്കിലെ തുകയുടെ നീക്കിയിരുപ്പു(8411732)മായി 3,08,823 രൂപയുടെ വ്യത്യാസം ഉണ്ട്.

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2023-24 | 1-12 തൊഴിൽ നികുതി | 1651 | സുരേഷ് ആർ. | 1240101474 / 14.11.2024 |
| 2019-20 | 1-13 വസ്തു നികുതി | 18165 | കോശി വൈദ്യൻ | 1240101213 / 26.09.2024 |
| 2019-20 | 1-13 വസ്തു നികുതി | 4539 | വിജയ ശ്രീദേവി വേണുഗോപാൽ | 1240101446 / 12.11.2024 |
| 2023-24 | 1-12 തൊഴിൽ നികുതി | 1250 | എം.ജി.സുനിൽ | 1240103115 / 24.02.2025 |
| 2023-24 | 1-12 തൊഴിൽ നികുതി | 2400 | ഭാരതി സിമന്റ്സ് | 42401413 / 31.3.2025 |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-13 | 2021-22 | 1-1 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | നിർണ്ണയം | |
| 2015-16 | 2-1 | 2016-17 | 2-5 | **തൊഴിൽ നികുതി പിരിവ്** | പരാമർശം നിലനിൽക്കുന്നു |
| 1999-2000 | 42,46,51,54 | 2002-03 | 7-3-6-3 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാർ പണി ഏറ്റെടുത്ത് നടത്താത്തത് സംബന്ധിച്ച് | നാലുപാറ വെളിത്തേടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്റ്റൻഷൻ പണി ഇലക്ട്രിസിറ്റി പാടിക്കൽ കടവ് റോഡ് കയ്യാലപ്പടി തുണ്ടിപ്പടി റോഡ് എന്നീ പ്രവർത്തികളുമായി ബന്ധപ്പെട്ട് കൺവീനർമാരിൽ നിന്നും ഈടാക്കേണ്ട തുക ആർ .ആർ നടപടിയിലൂടെ അടിയന്തരമായി ഈടാക്കുകയും ഇലക്ട്രിസിറ്റിപ്പടി പാടിക്കൽ കടവ് റോഡ് പ്രവർത്തിയുടെ ഭൗതിക പരിശോധന നടത്തിയും റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്തു.<br>കല്ലമ്പള്ളി തേനിശേരിപ്പടി റോഡ് പണി സംബന്ധിച്ച പരാമർശം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക നൽകിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തു |
| 1999-2000 | 49 | 2002-03 | 7-3 -6-4 | മണ്ണേട്ടുപടി - പാറപ്പുഴക്കടവ് റോഡ് - പദ്ധതി നടത്തിപ്പിലെ അപാകത | മണ്ണേറ്റുപടി പാറപ്പുഴ കടവ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് 12500 രൂപ അഡ്വാൻസ് കൈപ്പറ്റുകയും പണി ചെയ്യാതിരിക്കുകയും ചെയ്ത കൺവീനറിൽ നിന്നും അഡ്വാൻസ് തുക പലിശഹിതം ആർ.ആർ നടപടിയിലൂടെ അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട്<br>സമർപ്പിക്കണം |
| 1999-2000 | 56 | 2002-03 | 7-3-6-5 | മുട്ടത്തുപാറ ശ്മശാന ഭൂമിയുടെ ചുറ്റുമതിൽ കെട്ടുന്ന<br>പദ്ധതി | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ മനപൂർവ്വമായി ഫണ്ട് ദുർവിനിയോഗം നടന്നതായി കാണുന്നില്ല എന്ന് രേഖപ്പെടുത്തിയതിനാൽ പ്രസ്തുത പദ്ധതിയുമായി |

| | | | | | |
|---|---|---|---|---|---|
| | | | | | ബന്ധപ്പെട്ട ഓഡിറ്റിൽ പരാമർശിച്ച വിധേയമായ കൺവീനർ മരണപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി (LFPTA/ P1/197/2013/15.04.13/07.05.13, KSAPTA/P1/642/16/20.06.16 |
| 1997-98 | 1 | 2001-02 | 3.1. | മണൽലേലം-ലേലതുക പിരിഞ്ഞു കിട്ടാത്തതിനാൽ പഞ്ചായത്തിന് ഭീമമായ നഷ്ടം | കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി മേരിക്കുട്ടിയുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയോ എന്നും അല്ലെങ്കിൽ ബാധ്യത നിശ്ചയിച്ച് ടിയാളിന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരം റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു. |
| 2001-02 3.1.(I) | ലഭ്യമായില്ല | ലഭ്യമായില്ല | ലഭ്യമായില്ല | തയ്യൽ മെഷീൻ വാങ്ങി വനിതാസംഘങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതി | ഭരണ വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശുപാർശ ചെയ്തു. |
| ലഭ്യമായില്ല | ലഭ്യമായില്ല | 2001-02 | 3.1.(IiI) | കയ്യാലപ്പടി-തുണ്ടിപ്പടി റോഡ് ടാറിംഗ്-കൺവീനർ അഡ്വാൻസ്- പ്രവൃത്തി നടപ്പായില്ല | പ്രവൃത്തിയുടെ കൺവീനറിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന 10000 രൂപ അടിയന്തിരമായി ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് ശുപാർശ ചെയ്തു. |
| 1999-2000 | ലഭ്യമായില്ല | 2000-01 | (Para 11 Page 24) IV - 3 | ലേലത്തുകകൾ പൂർണ്ണമായി അടച്ചില്ല | കവിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി മേരിക്കുട്ടിയുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയോ എന്നും എങ്കിൽ ഇത് സംബന്ധിച്ച ബാധ്യത നിശ്ചയിച്ച് ടിയാളിന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരം റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു. |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 49,096,695 | 11,71,08409 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31,403,908 | 11,24,99782 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പടെ) | ഇല്ല | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **123100** | -- |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | **123100** | ശ്രീ. അനീഷ് കുമാർ റ്റി.എൻ, അസി. സെക്രട്ടറി |

ഇല്ല

**സി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനീഷ് കുമാർ റ്റി.എൻ<br>അസി. സെക്രട്ടറി | J.D ഓഫീസ്, പത്തനംതിട്ട | വടശ്ശേരി ഇല്ലം,<br>മന്നം നഗർ പി.ഒ<br>പന്തളം – 689501 |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം./തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.പിറ്റിഎ/പി3/396/98<br>തീയതി: 03/08/2009 | 1 (1-1) |
| 1998-99 | എൽഎഫ്.പിറ്റിഎ/പി4/874/04<br>തീയതി: 11/05/2005 | 6 (2-1(a) To 2-1(e), 4-9 |
| 1999-00<br>(ഡി.സി.ബി) | എൽഎഫ്.പിറ്റിഎ/പി4/878/04<br>തീയതി: 05/07/2005 | 2 (2-3(a)(1-3), 2-3(b)(c) |
| 1999-00<br>(പ്ലാൻ) | എൽഎഫ്.പിറ്റിഎ/പി2/97/01<br>തീയതി: 04/02/2002 | 12(19(a),(B),(C), 31, 38, 42, 45, 48, 49, 51, 54, 79) |
| 2000-01 | എൽഎഫ്.പിറ്റിഎ/പി.4/680/03<br>തീയതി: 01/04/2004 | 2 (8, 15) |
| 2002-03 | എൽഎഫ്.പിറ്റിഎ/പി5/189/06<br>തീയതി: 06/10/2006 | 13(2-7, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-16, 3-17) |
| 2004-05 | എൽഎഫ്.പിറ്റിഎ/പി5/1133/07<br>തീയതി: 03/04/2008 | 5 (2-8, 2-11, 2-12, 3-7, 3-11(a) |

| | | |
|---|---|---|
| 2005-06 | എൽഎഫ്.പിറ്റിഎ/പി7/769/11 തീയതി: 08/12/2001 | 3 (3-5, 3-6, 3-7) |
| 2006-07 | എൽഎഫ്.പിറ്റിഎ/പി7/770/11 തീയതി: 08/12/2011 | 10(3-1, 3-3, 3-4, 3-7, 3-8,3-9, 3-10, 3-11, 3-13, 3-14) |
| 2010-11 & 2011-12 | എൽഎഫ്.പിറ്റിഎ/പി/7/992/13 തീയതി: 05/02/2014 | 9 (3-1, 3-3, 3-9, 3-10, 3-11-1,3-11-2, 3-11-3, 3-11-4, 3-12) |
| 2012-13 | എൽഎഫ്.പിറ്റിഎ/പി/7/954/14 തീയതി: 23/12/2014 | 8 (2-3, 3-1, 3-2-1, 3-2-2, 3-2-4, 3-4, 3-7, 3-8) |
| 2013-14 | എൽഎഫ്.പിറ്റിഎ/പി/7/348/15 തീയതി: 28/07/2015 | 1 (3-1) |
| 2015-16 | കെഎസ്എ.പിറ്റിഎ/പി7-1839/17 തീയതി: 21/06/2016 | 5 (2-2(a), 2-3, 3-4, 3-8, 3-11) |
| 2016-17 | കെഎസ്എ.പിറ്റിഎ/പി7-1113/17 തീയതി: 07/10/2017 | 8 (2-4, 2-9, 3-1(a), 3-5,3-8, 3-9, 3-19, 3-21) |
| 2017-18 | കെഎസ്എ.പിറ്റിഎ/പി.7-23/18 തീയതി: 12/01/2019 | 3 (2-7, 2-8, 2-10) |
| 2018-19 | കെഎസ്എ.പിറ്റിഎ/പി7/156/20 തീയതി: 16/03/2020 | 9 (1-13ബി, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-26, 1-33) |
| 2019-20 | കെഎസ്എ.പിറ്റിഎ/പി7/258/21 തീയതി: 09/04/2021 | **4** (1-13, 1-14, 1-15, 1-19) |
| 2020-21 | കെഎസ്എ.പിറ്റിഎ/പി7/351/22 തീയതി: 07/05/2022 | 13 (1-11, 1-12 1-13, 1-14, 1-15, 1-17, 1-18, 1-22, 1-23, 4-2, 4-7, 4-9,4-10) |
| 2021-22 | കെഎസ്എ.പിറ്റിഎ/പി7/214/23 തീയതി: 22/03/2023 | **5** (1-12, 1-13, 1-16, 1-21, 4-2) |
| 2022-23 | കെ.എസ്.എ.പി.റ്റി.എ P7/1001/2023 തീയതി: 20-10-2023 | **8** (1-13, 1-14, 1-15, 1-18, 1-19, 1-24, 1-26, 4-2) |
| 2023-24 | കെ.എസ്.എ.പി.റ്റി.എ.7/918/2024 തീയതി: 04-10-2024 | 18 (1-1-4, 1-1-5, 1-1—6, 1-17 1-1-10, 1-11, 1-12, 1-13, 1-15, 1-16, 1-23, 1-24, 1-25, 1-27, 1-28) |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 19-06-2025 and submitted on 21-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the KAVIYOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of KAVIYOOR Grama Panchayat as on 31-03-2025

**Date: 21/11/2025**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

**Audit Report appended to the Audit Certificate of KAVIYOOR Grama Panchayat for the Year 2024-2025 .**

**1.Major Observations**

1. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. Basic ratios as per Kerala Panchayat Raj Accounting Rules and notes on significant accounting policies were not included in annual accounts
2. Cashflow Statement - Net increase in Cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Lapses in making timely and accurate demand entries in respect of tax and non tax revenues.

4. Since the exact details of investment transactions were not recorded in the register, the accuracy of the accounts related to those transactions could not be verified. The precise information on the amounts invested across various implementing agencies, as well as the amounts for which utilisation certificates

were received, has not been included in the annual accounts or in the register. During the year, the amounts advanced to various implementing agencies were not included under the head Advance to implementing officers in Schedule B-18.

5. Although an amount of 415,400 was spent under the Beneficiary Contribution during the year, the annual accounts show only the advance amount (168,111) as the expenditure. Therefore, the accuracy of the provision made under this head could not be ascertained.
6. The following expenditures have not been included in the annual accounts:

1. **Proj. No. 188/25** Purchase of computers and related equipment for beneficiary institutions **Rs. 117,110**
2. **Proj. No. 369/25** Purchase of pedestal fan for the hall of the beneficiary institution **Rs. 19,000**
3. **Proj. No. 11/25** Purchase of computers and related equipment for beneficiary institutions **Rs. 146,930**
4. **Proj. No. 316/25** Laptop for schools **Rs. 85,998**
5. **Proj. No. 346/25** Purchase of printer for schools **Rs. 35,500**

7. **Schedule B-5: Secured Loan from KURDFC** - There is a difference of **Rs. 3,08,823** between the provision amount shown in the annual accounts (Rs. 97,90,462) and the amount as per the register (Rs. 94,81,639).

8. According to the Income & Expenditure Account, no approved vouchers or supporting worksheets have been kept for the amounts written off through journal vouchers, the amounts adjusted as income, and the correction entries included under the headings **I-18 Prior Period Expenditure** and **I-19 Prior Period Income**. Therefore, it has not been possible to verify whether the entries recorded in the ledger are lawful or accurate.

9. According to the annual financial statement (B-17), an amount of 780 has been shown as the balance in the District Co-operative Bank account. However, the passbook related to this account was not produced.

10. **Schedule B-9 Liability in respect of stale cheques** The accounted amount of Rs. 24,432 should be adjusted under the appropriate head.

11. The expenditures were not included under the headings that reflect their intended purpose:

1. **Proj. No. 323/25** Purchase of furniture for the beneficiary institution (Rs. 25,000) was accounted under the revenue head (251110008) instead of being included under the asset head.
2. **Proj. No. 41/25** Purchase of a television for the Ayurvedic dispensary (Rs. 15,990) was accounted under the revenue head (2511110503) instead of being included under the asset head.

12. The details of the part-bill amounts received from the Assistant Engineer during the year have not been included under the heading **Capital Work in Progress**. The details are given below:

1. **Proj. No. 229/25** Construction of Veterinary Hospital, Phase I **Rs. 12,02,130**
2. **Proj. No. 143/25** Protection of bathing ghats **Rs. 1,99,059**
3. **Proj. No. 251/25** Renovation of playground at Thottabhagam L.P. School **Rs. 2,56,852**

13. The property tax demand, collection, balance, and advance amounts shown in the annual financial statements under Schedules **I-1, RP-45, B-15, and B-9** do not match the figures generated by the *Sanchaya* software.

14. In the financial year 2024-25, the interest of **Rs. 6,578** received in the bank account for the Health & Wellness head and the interest of **Rs. 13,334** received in the bank account for the Infrastructure head have not been included as income of the respective heads in the annual financial statement.

15. In **Schedule B-4**, an amount of **Rs. 1,56,020** has been shown as transferred under the head **Donation related to Pandemic/Epidemic Control**. The accuracy of this amount could not be verified due to the absence of supporting records.

16. The amount of **Rs. 31,50,819.57** representing the receipt and expenditure of materials under the **Mahatma Gandhi National Rural Employment Guarantee Scheme**, as per the register (EFMS), has not been included in the annual accounts.

17. Under the **CFC Tied Grant**, an amount of **Rs. 5,70,384** was received by the Gram Panchayat through the

Treasury as **Unspent Balance** [including Rs. 2,85,192 as per G.O(R.T.) No.4802/2024/Fin., dated 18-06-2024, and Rs. 2,85,192 as per G.O(R.T.) No.2075/2025/Fin. dated 04-03-2025]. However, this amount has not been included as income in the annual accounts.

Under the **CFC Untied Grant**, an amount of **Rs. 1,212** was received by the Gram Panchayat through the Treasury as **Unspent Balance** [including Rs. 487 as per G.O.(R.T.) No. 4802/2024/Fin, dated 18-06-2024; Rs. 486 as per G.O(R.T.) No. 2075/2025/Fin. dated 04-03-2025; and Rs. 239 as per G.O(R.T.) No. 130/ 2024/Fin, dated 21-05-2024]. However, this amount has not been included as income in the annual accounts. Additionally, **Rs. 2,62,068** of interest under the untied grant has also not been included as income.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്